മായ ഒരു പദ്ധതി ഡിപ്പാർട്ടുമെൻറ് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ പക്കലുണ്ട്. അത് വാട്ടർ ബോർഡ് അതോറിറ്റിയുടെ മുൻപിലിരിക്കുകയാണ്. അടിയന്തിരമായി അതിന് സാങ്ഷൻ കൊടുക്കണം. വർക്കലയിലെ ജലക്ഷാമം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട്, ശ്രീനാരായണഗുരുവിന്റേയും, ജനങ്ങളുടേയും പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): വർക്കലയിലെ ഇന്നത്തെ ഉറവയിൽ അവിടത്തെ ജനസംഖ്യക്ക് ആവശ്യമായി കൊടുക്കാനുള്ള വെള്ളം ഇല്ല. അതുകൊണ്ട് പുതുതായി കുഴിച്ച കുഴൽ കിണറിൽനിന്നും നമുക്ക് കൂടുതൽ വെള്ളം കൊടുക്കുന്നതിനുള്ള ഒരു പദ്ധതി കൊണ്ടുവരികയാണ്.

(9) വടകരയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. ചന്ദ്രശേഖരൻ: വോൾട്ടേജ് കമ്മി കാരണം വടകര പ്രദേശം മുഴുവൻ വൈഷമ്യത്തിലാണ്. വടകര മുനിസിപ്പാലിറ്റി പ്രദേശത്തും, വടകര മണ്ഡലത്തിന്റെ ബാക്കി പ്രദേശത്തും, വടകര താലൂക്കിലും വൈദ്യുതിയുടെ കുറവു കാരണം വെളിച്ചമില്ലെന്ന മാത്രമല്ല, മുനിസിപ്പാലിറ്റിക്കകത്ത് ഇപ്പോൾ ജലവിതരണവുമില്ല. 90 ഹോഴ്സ് പവ്വർ മോട്ടോർ വച്ചാണ് ഇപ്പോൾ പമ്പ് വർക്ക് ചെയ്തിക്കുന്നത്. അതിൽ പകുതിപോലും വൈദ്യുതി പല സമയങ്ങളിലും കിട്ടുന്നില്ല. ഒരു ദിവസം രണ്ടോ, മൂന്നോ മണിക്കൂർ പൂർണ്ണമായും വൈദ്യുതി കിട്ടിയാൽ മാത്രമേ അത് പ്രവർത്തിപ്പിക്കാൻ നിവൃത്തിയുള്ളൂ. ആദ്യം കോഴിക്കോട് നിന്നായിരുന്നു വടകരയിലേക്ക് വൈദ്യുതി വിതരണം ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ കർണ്ണാടകയിൽനിന്ന് രാമഗുണ്ഡത്തിലേക്ക് പുതിയ ലൈൻ വന്നിട്ടുണ്ട് എന്ന് കേൾക്കുന്നുണ്ട്. അത് കോഴിക്കോട്വന്ന് കുറ്റ്യാടി വഴി കണ്ണൂർ പോയിട്ട് കണ്ണൂരിൽനിന്നാണ് ഇപ്പോൾ കുറച്ച് ദിവസങ്ങളായി വടകരയിലേക്ക് വൈദ്യുതി സപ്ലൈ ചെയ്യുന്നത്. അതിനുശേഷം ആദ്യം തന്നെ അവിടെ വോൾട്ടേജ് കമ്മിയാണ്. ഇപ്പോൾ വോൾട്ടേജ് കമ്മി അന്നത്തേതിനെക്കാൾ വളരെ കൂടുതലായിരിക്കുന്നു. അഞ്ചുദിവസം മുൻപ് രാത്രി പല റോഡുകളിലും ഞാൻ തന്നെ നടന്നത് ടോർച്ച് പിടിച്ചിട്ടാണ്. വെള്ളം കിണറ്റിൽനിന്നാണ് ലഭ്യമാകുന്നത്. മുനിസിപ്പാലിറ്റിയിലെ വാട്ടർ സപ്ലൈ തീരെ നിലച്ചിരിക്കുന്നു. അവിടത്തെ വോൾട്ടേജ് ക്ഷാമം വളരെ കൂടുതലായിരിക്കുന്നത് ലഘൂകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സർക്കാർ അടിയന്തിരമായും എടുക്കണം.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ബഹുമാനപ്പെട്ട വടകര മെമ്പർ പറഞ്ഞതുപോലെ രാമഗുണ്ഡത്തിൽനിന്നും മൈസൂർ വഴിയെടുക്കുന്ന വിദ്യുച്ഛക്തിയാണ് ഇപ്പോൾ മലബാർ പ്രദേശങ്ങളിലും, കോഴിക്കോടിന് വടക്കുള്ള പ്രദേശങ്ങളിലും ഉപയോഗിക്കുന്നത്. അതൊരാവശ്യമാണ്. കാരണം നമ്മുടെ ജലസംഭരണികളിൽ ജലം വളരെ കുറവാണ്. ഈ കൊല്ലം ഇനിയെങ്ങനെ അവസാനിക്കുമെന്നുപോലും പറയാൻ വയ്യാത്തവണ്ണം വെള്ളം കുറവാണ്. പക്ഷേ രാമഗുണ്ഡത്തിൽ നിന്നും എടുക്കാനുള്ളതിന്റെ പരമാവധി നമ്മൾ എടുത്തില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും രണ്ടായിട്ട് സപ്ലിറ്റ് ചെയ്താണ് പവ്വർ എടുക്കുന്നത്. ഈ ലൈൻ ഒരുമിച്ചിട്ടാൽ രാമഗുണ്ഡം പവ്വർ കേരളത്തിലേയ്ക്ക് വരുകയില്ല. കാരണം ഫ്രീക്വൻസി വ്യത്യാസം മൂലം രാമഗുണ്ഡം നമുക്കെടുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കോഴിക്കോട് ഇടുക്കി ലൈൻ ഡിസ്കണക്ട് ചെയ്ത ശേഷം രാമഗുണ്ഡത്തിൽനിന്നും കർണ്ണാടക ഫ്രീക്വൻസിയിൽ എടുത്തുകൊണ്ടിരിക്കുകയാണ്. ചന്ദ്രശേഖരൻ പറഞ്ഞകാര്യം നേരത്തെത്തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 4, 5 ദിവസം മുമ്പ് വടകരയെ സംബന്ധിച്ചിടത്തോളം കോഴിക്കോട് നിന്ന്തന്നെ നേരിട്ട് ഫീഡ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം പറഞ്ഞ പ്രശ്നം വടകരയിലില്ല. അദ്ദേഹം 4, 5 ദിവസം മുമ്പുള്ള കാര്യമാണ് പറഞ്ഞത്. ഇപ്പോൾ കോഴിക്കോട് നിന്ന് തന്നെ ഡയറക്ടായിട്ട് വടകരയ്ക്ക് ലൈൻ കൊടുക്കാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് വിദ്യുച്ഛക്തി ബോർഡിൽ നിന്നും കിട്ടിയ റിപ്പോർട്ട്. അതുകൊണ്ട് ഇപ്പോൾ ഇനി ഉടനെ ആ പ്രശ്നം ഉദിക്കുന്നില്ല. എനിക്ക് കിട്ടിയ റിപ്പോർട്ടാണ് ഞാൻ പറഞ്ഞത്. കുഴപ്പമുണ്ടോയെന്ന് ഞാൻ ഒരിക്കൽകൂടി അന്വേഷിക്കാം.

(10) കയർ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ്

ശ്രീ. എ. വി. താമരാക്ഷൻ: സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർ ഫാക്ടറി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി രൂപീകരിച്ച കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ആവശ്യമായ പണം അനുവദിക്കാത്തതുമൂലം അവരുടെ ക്ഷേമപദ്ധതികളെ സ്തംഭനാവസ്ഥയിലാണ്. കഴിഞ്ഞ 5 കൊല്ലക്കാലമായി ശ്രീ. കെ. കരുണാകരൻ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 290 തൊഴിലാളികൾക്ക് 2,19,400 രൂപയാണ് കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യം നൽകിയിരുന്നത്. എന്നു പറഞ്ഞാൽ 5 വർഷം കൊണ്ട് തൊഴിലാളികൾക്ക് കൊടുത്ത ആനുകൂല്യം 40 ശതമാനത്തിനു താഴെ മാത്രമാണ്. ഈ നിലയിൽ കയർത്തൊഴിലാളികൾക്ക് അപമാനകരമായ ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല.

കയറു പിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ.
അതുപറയുമ്പോൾ നമ്മുടെ നാട്ടി—
ന്നഭിമാനിക്കാൻ വകയുണ്ട്.

എന്ന് വയലാർ പാടിയെങ്കിൽ ആ തൊഴിലാളികൾക്ക് അപമാനകരമായ ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. അതുകൊണ്ട് ബോർഡിന് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ തുക അനുവദിക്കണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിലെ ഏറ്റവും വലിയ ഒരു പരമ്പരാഗത വ്യവസായമാണ് കയർവ്യവസായം. കയർ വ്യവസായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചും അർഹമായ ആളുകൾക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കാനുണ്ടെങ്കിൽ അത് കൊടുക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly